(ഇ) ടൗൺ ടു ടൗൺ സർവീസ് സംവിധാനം എന്നാണ് ആരംഭിച്ചതെന്നും ആരംഭ ഘട്ടത്തിലെ എണ്ണവും പിന്നീട് കാലാകാലം വന്ന എണ്ണത്തിലെ വർദ്ധനവും വ്യക്തമാക്കാമോ;

(എഫ്) ലാഭകരമായും യാത്രക്കാർക്ക് സൗകര്യപ്രദമായും നടക്കുന്ന ഈ സർവ്വീസ് നിർത്തലാക്കാനുള്ള നീക്കം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പല ടൗൺ ടു ടൗൺ സർവ്വീസുകളും നഷ്ടത്തിലാണ് ഓടുന്നത്.

(ഡി) കോഴിക്കോട് നിന്നും 10 എണ്ണം ഓപ്പറേറ്റ് ചെയ്തിരുന്നു. ഇതിൽ 9 എണ്ണം വയനാട് ജില്ലയിലേക്കും 1 എണ്ണം തൃശ്ശൂർ ജില്ലയിലേക്കുമാണ്. ഇപ്പോഴും 10 എണ്ണം ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(ഇ) 1997-ലാണ് ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിച്ചത്. തുടക്കത്തിൽ കണ്ണൂർ, കാസർഗോഡ്, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ നിന്നും 30 സർവ്വീസുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ആകെ 41 ടൗൺ ടു ടൗൺ സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-ഡിപ്പോകൾ അടച്ചുപൂട്ടുന്ന നടപടി

71 [506] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അടച്ചുപൂട്ടാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ ഏതെല്ലാമാണെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) 185 ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകളുടെ ചേസിസ് വാങ്ങലും ബോഡി നിർമ്മാണത്തിനുമുള്ള ചെലവ്

72 [507] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളുടെ ചേസിസുകൾക്ക് ഓർഡർ നൽകി; എത്ര എണ്ണം ലഭിച്ചു; ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക കൊടുത്തു തീർത്തു; എത്ര നൽകുവാൻ ഉണ്ട്; ഏതെല്ലാം കമ്പനികൾക്ക്; വിശദമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ബി) എത്ര ചേസിസുകൾക്ക് ബസ് ബോഡി നിർമ്മാണത്തിനായി കെ.എസ്. ആർ.ടി.സി. എന്ത് തുക നൽകി; സ്വകാര്യ സ്ഥാപനങ്ങൾക്ക് എത്ര നൽകി; ഓരോന്നിനും എന്തു തുക വീതം ബോഡി നിർമ്മാണത്തിന് ചെലവാകും എന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(സി) ബസ് ബോഡി നിർമ്മാണത്തിനായി ബോഡി കിറ്റ് ഏതെല്ലാം കമ്പനികളിൽ നിന്ന് എത്ര വീതം വാങ്ങിയിട്ടുണ്ട്; ഓരോ ബോഡി കിറ്റും എന്തു തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ബോഡി ബിൽഡിംഗിനായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയാൽ വരുന്ന ചെലവെത്ര; സ്വകാര്യ കമ്പനികൾക്ക് നൽകിയാൽ വരുന്ന ചെലവെത്ര;

(ഇ) സംസ്ഥാനത്തെ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ കൂടുതൽ ജീവനക്കാരെ പോസ്റ്റ് ചെയ്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ട്; അവ ഏതെല്ലാം ഡിപ്പോകൾക്ക് നൽകിയിട്ടുണ്ട്; ഡിപ്പോ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്